LIBRARY ARCHIVES Kerala Legislative Assembly

കമ്പനി 1991-92 മുതൽ ഇതുവരെ ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഓഡിറ്റ് ചെയ്യപ്പെട്ട കണക്കുകൾപ്രകാരം 2012-13 വർഷത്തെ ലാഭം നികുതികൾക്കുശേഷം 1,43,22,604 രൂപയാണ്.

(ഡി) നൂതന വിനോദസഞ്ചാര ഉത്പന്നങ്ങൾ അവതരിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ആദ്യമായി വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന വിഞ്ച് ഓപ്പറേറ്റഡ് ബീച്ച് പാരാസെയിലിംഗ്, കാരവൻ ടൂറിസം, ടെതേർഡ് ഹോട്ട് എയർ ബലൂൺ പദ്ധതി മുതലായവ അടക്കം കുമരകത്തേയ്ക്കുള്ള എക്സ്കർഷൻ ബോട്ട് സർവ്വീസ്, കെയ്ജ് ഫാമിംഗ് പദ്ധതി, മുസിരിസിലെ ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ് വാട്ടർ ടാക്സി പദ്ധതി മുതലായവയാണ് ഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ.

## താനൂർ ഒട്ടുമ്പും ടൂറിസം പദ്ധതി

316 (2872) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ ഒട്ടുമ്പും ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) രണ്ടാംഘട്ട പ്രവർത്തിയിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2014 നവംബറിൽ ആരംഭിച്ചു.

(ബി) താഴെപ്പറയുന്ന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് :

1. Pavilion with Toilet Block
2. Food Court
3. Seating
4. Podium

5. Pathway
6. Utility shop
7. Walk way
8. Entrance Gate
9. Car parking area
10. Repair and modification of existing road.

(സി) 2015 ഏപ്രിലോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ജഡായുപാറ ടൂറിസം പദ്ധതി**

**317 (2873)** ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജഡായുപാറ ടൂറിസം പദ്ധതിയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) ഈ പദ്ധതിയുടെ ഇടർ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) പദ്ധതി പൂർത്തിയാകുമ്പോൾ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

1. ആയുർവ്വേദ റിസോർട്ടും അനുബന്ധമായവയും
2. മഴവെള്ള സംഭരണികൾ
3. വനവൽക്കരണം
4. അഡ്വഞ്ചർ പാർക്കും അനുബന്ധമായവയും
5. റോപ് വേയും അനുബന്ധമായവയും
6. ജഡായു ശിൽപ്പവും അതിനുള്ളിലെ നിർമ്മാണ പ്രവർത്തനവും
7. ആംഫി തിയേറ്റർ

(ബി) ഇപ്പോൾ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ ഇടർ പ്രവർത്തനങ്ങളെക്കുറിച്ച് പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly